ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

**Ex.IV.1/Admn/HSE/2015** **തീയതി : 12/02/2015**

# സർക്കുലർ

വിഷയം :– ഹയർ സെക്കന്ററി രണ്ടാം വർഷ പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് – സംബന്ധിച്ച്.

മാർച്ച് 2015–ലെ ഹയർസെക്കന്ററി രണ്ടാം വർഷ പരീക്ഷയുടെ ടൈംടേബിൾ അടങ്ങിയ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുവാൻ സ്കൂളുകൾക്ക് അനുവദിച്ചിരുന്ന സമയ പരിധിക്ക് മുമ്പ് (10.02.2015 10 മണിക്ക് മുമ്പായി) ഡൗൺലോഡ് ചെയ്ത അഡ്മിഷൻ ടിക്കറ്റുകളിൽ ഫിസിക്സ് വിഷയത്തിന്റെ പരീക്ഷാ തീയതി ഉൾപെടാതിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിനാൽ ഏതെങ്കിലും പ്രിൻസിപ്പാൾമാർ ഇത്തരത്തിൽ അപൂർണ്ണമായ അഡ്മിഷൻ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത അഡ്മിഷൻ ടിക്കറ്റുകൾ തിരികെ വാങ്ങി ഫിസിക്സ് പരീക്ഷയുടെ സമയ വിവരം ഉൾപെടുത്തി നൽകുകയോ, പുതുതായി അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് വിതരണം ചെയ്യുകയോ ചെയ്യേണ്ടതാണ്.

**ഒപ്പ്/-**
**സെക്രട്ടറി**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻസ്**
**കേരള**